(ഡി) 7-8-2003-ലാണ് സമർപ്പിച്ചത്.

(ഇ) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ ശുപാർശ സഹിതം ശ്രീ. കോരന്റെ അപേക്ഷ 21-12-2004-ലാണ് സർക്കാരിൽ ലഭിച്ചത്. ധനസഹായം അനുവദിച്ചുകൊണ്ട് 3-1-2005-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

(എഫ്) 26-8-2003-ൽ ശ്രീ. കോരൻ മരണപ്പെട്ടു. നിലവിലുള്ള നിയമ പ്രകാരം രോഗി മരണമടഞ്ഞതിനുശേഷം ചികിൽസാ ധനസഹായം അനുവദിച്ചു നൽകുവാൻ നിർവാഹമില്ല.

പട്ടിക വിഭാഗക്കാർക്ക് ചികിൽസാ ധനസഹായ പദ്ധതി

146 [3847] *ശ്രീ. എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-2003, 2003-2004, 2004-2005 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്ത് പട്ടികവിഭാഗങ്ങളിൽപ്പെട്ടവർക്ക് ചികിൽസാധനസഹായം നൽകിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) ക്യാൻസർ, ഹൃദ്രോഹം തുടങ്ങിയ രോഗങ്ങൾ ബാധിച്ച പട്ടിക വിഭാഗക്കാരുടെ ചികിൽസയ്ക്കായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) പട്ടികജാതിവിഭാഗക്കാർക്ക് ചികിൽസാ ധനസഹായം അനുവദിച്ചതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് ചികിൽസാ ധനസഹായം അനുവദിച്ചതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. †

(ബി) & (സി) ചികിൽസാ ധനസഹായ പദ്ധതി ഇപ്പോൾ തന്നെ നിലവിലുണ്ട്. എന്നാൽ ക്യാൻസർ, ഹൃദ്രോഹം തുടങ്ങിയ മാരക രോഗങ്ങൾക്ക് ചികിൽസാ ധനസഹായം നൽകുന്നതിനുള്ള ഒരു പ്രത്യേക പദ്ധതി പരിഗണനയിലുണ്ട്.

കുന്ദമംഗലത്തെ നിലപാടുതറ

147 [T3848] *ശ്രീ. യു. സി. രാമൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്തെ പട്ടികജാതിക്കാരുടെ തർക്കങ്ങൾ പറഞ്ഞുതീർക്കുന്നതിനും മറ്റു കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും സാമൂഹ്യ-സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിനും ബ്രിട്ടീഷ് ഭരണകാലത്ത് അനുവദിച്ചിരുന്ന നിലപാടുതറ സജ്ജീവമായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly